# KERALA POLICE INFORMATION CENTRE

Ph: 0471 2318188   Email: *info.pol@kerala.gov.in*


No.80/PR/PIC/PHQ/13   Date : 04.08.2013

## ഫോൺ ചോർത്തൽ വാർത്ത അടിസ്ഥാനരഹിതം

പോലീസ് ചില പ്രധാന വ്യക്തികളുടെ ഫോൺ കാളുകൾ ചോർത്തുന്നുവെന്ന മാധ്യമവാർത്തകൾ അസത്യവും അടിസ്ഥാനരഹിതവുമാണെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. 1885-ലെ ഇന്ത്യൻ ടെലിഗ്രാഫ് ആക്റ്റും 1951-ലെ ഇന്ത്യൻ ടെലിഗ്രാഫ് റൂളും പ്രകാരവും 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് പ്രകാരവും ദേശവിരുദ്ധ പ്രവർത്തനങ്ങൾ, രാജ്യരക്ഷയെ ബാധിക്കുന്ന കാര്യങ്ങൾ, ഗുരുതരമായ കുറ്റകൃത്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് മാത്രമേ ആരുടെയെങ്കിലും ഫോൺ കാളുകൾ നിരീക്ഷിക്കാൻ പോലീസിന് കഴിയൂ. അത്തരത്തിൽ നിരീക്ഷിക്കുന്നതിന്, ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതിയുടെ മേൽനോട്ടത്തിന് വിധേയമായി ഉത്തരവ് നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ള ആഭ്യന്തര സെക്രട്ടറിയുടെ അനുമതി ആവശ്യവുമാണ്. ഇത്തരത്തിൽ നിയമാനുസൃതമല്ലാതെ നിയമവിരുദ്ധമായി യാതൊരു ഫോൺ കാളുകളും കേരള പോലീസ് നിരീക്ഷണത്തിലാക്കിയിട്ടില്ല. നിയമാനുസൃതം ഫോൺ സംഭാഷണങ്ങൾ നിരീക്ഷിക്കാനുള്ള കംപ്യൂട്ടർ സംവിധാനം ഉപയോഗിച്ച് നിയമാനുസൃതമല്ലാതെ നേരിട്ട് ചെയ്യുന്നതും കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുള്ളതുമായ ഫോൺ നിരീക്ഷണം (Off the air interception) സാധ്യവുമല്ല. ഇപ്രകാരം ഫോൺ ചോർത്തുന്നതിനുള്ള ഏതെങ്കിലും യന്ത്രസാമഗ്രികൾ സംസ്ഥാന പോലീസിന്റെ കൈവശമില്ലെന്ന് പോലീസ് മേധാവി പറഞ്ഞു. അത്തരമൊരു യന്ത്രം ഉപയോഗിച്ച് ഏതെങ്കിലുമൊരു ഫോൺ നിരീക്ഷിക്കുന്നത് 1885-ലെ ഇന്ത്യൻ ടെലിഗ്രാഫ് ആക്റ്റ് അനുസരിച്ച് കുറ്റകരവുമാണ്.

ട്രു കോളർ എന്നുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഫോൺ ചോർത്തുന്നുവെന്ന വാർത്തയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നമ്പർ മനസ്സിലാക്കുന്നതിനുള്ള ഒരു ഓപ്പൺ ആപ്ലിക്കേഷൻ ആണ്. ഇതുപയോഗിച്ച് പോലീസിന് ആരുടെയും ഫോൺ കാളുകളുടെ ഉള്ളടക്കം ചോർത്താൻ കഴിയുകയില്ല.

അതിനാൽ തന്നെ നിയമാനുസൃതമായ രീതിയിലല്ലാതെ ഫോൺ കാളുകൾ നിരീക്ഷണത്തിൽ വയ്ക്കുന്നതിന് കേരള പോലീസിന് യാതൊരുവിധ സംവിധാനങ്ങളും നിലവിലില്ലെന്നും അത്തരത്തിൽ ആരുടെയും ഫോൺ നിരീക്ഷണത്തിൽ ആക്കിയിട്ടില്ലെന്നും അർത്ഥശങ്കയ്ക്കിടയില്ലാതെ വ്യക്തമാക്കുന്നതായും സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

The contents of this document may be deemed to be based on received information which is subject to further verification